## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1449 — 12.07.2011 ൽ മറുപടിക്ക്

**കേരള ഭാഗ്യക്കുറിയുടെ പരസ്യം സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാനുള്ള നടപടി**

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ്: | | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കേരള ഭാഗ്യക്കുറിയുടെ പരസ്യം നിലവിൽ ഭാഗ്യക്കുറി വകുപ്പ് തന്നെ നൽകിവരുന്ന രീതി ഒഴിവാക്കി ഏതെങ്കിലും സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | നിലവിൽ ദൃശ്യമാധ്യമ പരസ്യങ്ങൾ സി-ഡിറ്റ്, KSFDC എന്നിവ മുഖേനയാണ് സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നിർമ്മിച്ചു വരുന്നത്. പത്രങ്ങൾക്കുള്ള ഡിസ്പ്ലേ പരസ്യങ്ങൾ വകുപ്പ് നേരിട്ടു നിർമ്മിക്കുന്നു. ഇങ്ങനെ നിർമ്മിക്കുന്ന പരസ്യം വകുപ്പ് നേരിട്ട് ദൃശ്യശ്രാവ്യ അച്ചടി മാധ്യമങ്ങൾക്ക് നൽകിവരുന്നു. സി-ഡിറ്റ്, കെ.എസ്.എഫ്.ഡി.സി എന്നിവ മുഖേന പരസ്യ ചിത്രം നിർമ്മിച്ചു കിട്ടുന്നതിനുള്ള കാലതാമസം ടിക്കറ്റു വില്പനയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരസ്യം കൂടുതൽ പ്രൊഫഷണലൈസ് ചെയ്യുന്നതിനും കേരള ഭാഗ്യക്കുറിയെ ബ്രാൻഡഡ് തലത്തിലേക്ക് ഉയർത്തുന്നതിനും, മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനുമാണ് മികച്ച പരസ്യ ഏജൻസികളെ എംപാനൽ ചെയ്യാൻ താല്പര്യപത്രം ക്ഷണിച്ചത്. സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുക, ഭാഗ്യക്കുറി ടിക്കറ്റ് വില്പന വർദ്ധിപ്പിക്കുക എന്നിവയാണ് ഇതുവഴി ലക്ഷ്യമിടുന്നത്. |
| (ബി) | എങ്കിൽ എന്തുകൊണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും സാമ്പത്തിക ലാഭം സർക്കാരിന് ലഭിക്കുമോ എന്നുള്ള വിവരം വ്യക്തമാക്കുമോ? | (ബി) | പരസ്യ ഏജൻസികളെ മേൽപറഞ്ഞ രീതിയിൽ എംപാനൽ ചെയ്യുന്ന പക്ഷം ലോട്ടറി ടിക്കറ്റുകളുടെ വില്പന വർദ്ധിക്കുന്നതോടൊപ്പം സർക്കാരിന് കൂടുതൽ സാമ്പത്തിക ലാഭവും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ